പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം:1389

14-06-2013-ൽ
മറുപടിയ്ക്ക്

## സുസ്ഥിര നഗര വികസന പദ്ധതി

**ചോദ്യം**

ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.കെ.മുരളീധരൻ
ശ്രീ.കെ. ശിവദാസൻ നായർ

**മറുപടി**

ശ്രീ.മഞ്ഞളാംകുഴി അലി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
വകുപ്പ് മന്ത്രി

| | |
|---|---|
| (എ) സുസ്ഥിര നഗര വികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽ സംസ്ഥാനത്തെ അഞ്ചു (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്) നഗരസഭകളുടെ സമഗ്രമായപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, ഉപജീവനം മെച്ചപ്പെടുത്തൽ എന്നിവയുമാണ് പ്രധാന ലക്ഷ്യങ്ങൾ. ഇതിൽ നഗരഗതാഗത സൗകര്യം മെച്ചപ്പെടുത്തൽ, ശുദ്ധജല വിതരണം, മാലിന്യ (ഖര-ദ്രവ) നിർമ്മാർജ്ജനം, ചേരിനിവാസികളുടെ ജീവിതനിലവാര, പശ്ചാത്തല സൗകര്യവികസനം എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. |
| (ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം; | (ബി) എഡിബി ധനസഹായത്തോടെ നടപ്പാക്കുന്ന കേരള സുസ്ഥിരനഗര വികസന പദ്ധതിയിൽ പദ്ധതി നിർവ്വഹണത്തിനായി കേരളത്തിലെ 5 നഗരസഭകളും അവയോടൊത്തു പ്രവർത്തിക്കുന്ന പദ്ധതി നിർവ്വഹണ യൂണിറ്റുകളും അവയെ സഹായിക്കാനായി സാങ്കേതിക ഉപദേഷ്ടക്കളായി DSC1, DSC2 ( M/s CES Consortium & M/S WAPCOS – ISA Consortium) കൂടാതെ പ്രോജക്ട് മോണിട്ടറിംഗിനായി അവലോകന യൂണിറ്റായി പി.എം.യു ഉം പ്രോജക്ട് നടത്തിപ്പിനായി റ്റി.എസ്.യും (M/S CDM- Smith ) സാങ്കേതിക ഉപദേഷ്ടാക്കളായി സഹ |

| | |
|---|---|
| | കരിക്കുന്നു. കൂടാതെ കുടിവെള്ള-മലിനജല സംസ്കരണ പദ്ധതികളുടെ നിർവ്വഹണ ഘടകമായി കേരള ജല അതോറിറ്റിയും സഹകരിക്കുന്നു**ണ്ട്**. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ നിന്നും സിവിൽ കൺസൾട്ടെന്റ്മാരെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി)പദ്ധതിനടത്തിപ്പിനുള്ള (PAM) അടിസ്ഥാന രേഖയനുസരിച്ച് നിശ്ചിത സമയത്തിനകം നിർവ്വഹണ-മോണിറ്ററിംഗ് ഘടകങ്ങളെ ശക്തിപ്പെടുത്തി, കൺസൾട്ടന്റുകളെ ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥയനുസരിച്ച് 2013 ജൂണിനുശേഷം മേൽഘടകങ്ങളെ ശക്തിപ്പെടുത്തി സാങ്കേതിക ഉപദേഷ്ടാക്കളായ കൺസൾട്ടന്റുകളെ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടു **ണ്ട്**. |
| (ഡി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) പദ്ധതി കാലാകാലങ്ങളിൽ നിരന്തര അവലോകനത്തിനും, തീരുമാനങ്ങൾ കൈക്കൊള്ളുന്നുതിനും ഉന്നതാധികാര സമിതി, പദ്ധതി അവലോകനഘടകം, ഉന്നതതല അവലോകന യോഗം, സെക്രട്ടറിതല അവലോകനം എന്നിവയും, എഡിബി ത്രൈമാസ അവലോകനവും നടത്തിവരുന്നു. കൂടാതെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചിട്ടു**ണ്ട്**. ഇതിനുപുറമേപ്രോജക്ട് ഡയറക്ടർ നിരന്തര പുരോഗതി വിലയിരുത്തി കുറിപ്പുകൾ സർക്കാരിന് നൽശുന്നുണ്ട്. എല്ലാറ്റിനുമുപരിയായി മന്ത്രി തലത്തിൽ നേരിട്ട് അവലോകനം നടത്തി പുരോഗതി വിലയിരുത്തുന്നുമു**ണ്ട്**. |

സെക്ഷൻ ആഫീസർ